"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ. സച്ചിൻ തോമസ് സാം -ന് അസിസ്റ്റന്റ് എഞ്ചിനീയർ(സിവിൽ) ആയി ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1017/2024/LSGD തീയതി,തിരുവനന്തപുരം, 11-06-2024

---

പരാമർശം:-
1. 04.03.2024-ലെ RE III (3) 96/2020 നമ്പർ നിയമന ശിപാർശ.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 18.04.2024-ലെ LSGD/PD/11968/2023-DEA4 നമ്പർ ഉത്തരവ്
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 15.05.2024-ലെ LSGD/PD/55235/2023-DEA4 നമ്പർ കത്ത്
4. ശ്രീ.സച്ചിൻ തോമസ് സാം-ന്റെ 24.05.2024-ലെ അപേക്ഷ.

**ഉത്തരവ്**

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. സച്ചിൻ തോമസ് സാം-ന് പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) ആയി നിയമനം നൽകിയിരുന്നു. നിലവിൽ ടിയാൻ ഇറ്റലിയിലെ Sapienza യൂണിവേഴ്സിറ്റിയിൽ സിവിൽ എഞ്ചിനീയറിംഗിൽ (Environmental & Sustainable Building Engineering ) Master's Degree ചെയ്യുന്നതിനാൽ, ജോലിയിൽ പ്രവേശിക്കുന്നതിന് 6 മാസത്തെ സാവകാശം അനുവദിച്ച നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ പരാമർശം(3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്നു. തുടർന്ന് പരാമർശം(4) പ്രകാരം 179 ദിവസത്തേയ്ക്ക് പ്രവേശന സമയം ദീർഘിപ്പിച്ച് നൽകുവാൻ അഭ്യർത്ഥിച്ചുകൊണ്ട് ടിയാൻ പുതുക്കിയ അപേക്ഷ

സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. സച്ചിൻ തോമസ് സാം-ന് മേൽ പരാമർശിത കോഴ്സ് പൂർത്തീകരിക്കേണ്ട സാഹചര്യം കണക്കിലെടുത്ത്, തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് നല്കി, KS&SSRs ഭാഗം II ചട്ടം 27(c) യുടെ ഒന്നാം പ്രൊവിസോ പ്രകാരം ടിയാൻ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽക്കേ സീനിയോറിറ്റി കണക്കാക്കുകയുള്ളൂ എന്ന വ്യവസ്ഥയിൽ നിയമനോത്തരവ് തീയതിയായ 18.04.2024 മുതൽ 179 ദിവസത്തേക്ക് പ്രവേശന കാലാവധി ദീർഘിപ്പിച്ച് നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഷറഫ് എ
അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ് ) തൃശ്ശൂർ.
4. ശ്രീ. സച്ചിൻ തോമസ് സാം, അസി.എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5. എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
6. വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 11-06-2024 16:08:30